## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 842 13/06/2012-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ ;<br>ശ്രീ. ജോസഫ് വാഴക്കൻ;<br>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ;<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്നറിയിക്കുമോ; | (എ) പദ്ധതി ഫലപ്രദമായി നടപ്പാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും തരത്തിൽ തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല |
| സി) നിലവിൽ പ്രസ്തുത പദ്ധതി യിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര യാണെന്നും അറിയിക്കുമോ; | (സി) പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ പരമാവധി 5 അംഗങ്ങൾക്ക് 30,000/- രൂപയുടെ ചികിത്സാ സഹായമാണ് ഒരു സാമ്പത്തികവർഷം ലഭ്യമാകുന്നത്. കൂടാതെ ബി.പി.എൽ; കുടുംബങ്ങൾക്ക് ചിസ്-പ്ലസ് പദ്ധതിയിലൂടെ ഹൃദ്രോഗം ക്യാൻസർ, വൃക്കരോഗം കരൾ രോഗം, ന്യൂറോ, അപകട ട്രോമ കെയർ എന്നീ ചികിത്സകൾക്ക് 70,000/- രൂപയുടെ |

അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തുടങ്ങിയ ചികിത്സാ ഗവേഷണ സ്ഥാപനങ്ങൾ വഴി നൽകുന്നുണ്ട്.

ആർ.എസ്.ബി.വൈ. പദ്ധതിയുടെ ഇൻഷുറൻസ് പ്രീമിയത്തിന്റെ 75 % കേന്ദ്രസർക്കാരാണ് വഹിക്കുന്നത് (പരമാവധി 750/- രൂപയുടെ 75 %) ബാക്കി 25 ശതമാനവും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ മുഴുവൻ പ്രീമിയവും ചിസ്-പ്ലസ് പദ്ധതി വഴി നൽകുന്ന 70,000/- രൂപ സംബന്ധിച്ച ചിലവുകളും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

ഡി) സംസ്ഥാനത്ത് അർഹരായവർക്കെല്ലാം പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) കേന്ദ്ര സംസ്ഥാന മാനദണ്ഡങ്ങൾ പ്രകാരം അംഗങ്ങളായിട്ടുള്ള എല്ലാ പേർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ